WEDNESDAY 23-03-2022 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/03/2022.

1. ആനാട് കൃഷിഭവൻ കേരഗ്രാമത്തിന്റെ ഒന്നാം വർഷ പൂർത്തീകരണം ഇന്ന് (മാർച്ച് 23) ഉച്ചയ്ക്ക് 2 മണിക്ക് ചുള്ളിമാനൂർ സാഫ് ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഇതിന്റെ ഉദ്ഘാടനം വാമനപുരം എം.എൽ.എ ഡി.കെ. മുരളിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് കേരവിളക്ക് തെളിയിച്ച് നിർവഹിക്കും.

2. തിരുവനന്തപുരം ജില്ലാ ക്ഷീര സംഗമത്തിന്റെ ഉദ്ഘാടനം വേങ്ങോട് പൊതുമന്ദിരത്തിൽ വച്ച് ഇന്ന് (മാർച്ച് 23) രാവിലെ 11.30 മണിക്ക് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് നാളെ (മാർച്ച് 24) നടക്കുന്ന ക്ഷീര സഹകരണ സെമിനാർ വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. ക്ഷീര സംഗമത്തോനടുബന്ധിച്ച് കന്നുകാലി പ്രദർശനം, മൃഗസംരക്ഷണ-ക്ഷീരവികസന-കാർഷിക എക്സിബിഷൻ, ക്ഷീര കർഷക സംഗമം, സെമിനാറുകൾ, ഡയറി ക്വിസ്, ഗവ്യ ജാലകം, ക്ഷീര കർഷകരെ ആദരിക്കൽ, അവാർഡ്ദാനം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 ഡബ്ല്യു സി റ്റി (WCT) തെങ്ങിൻ തൈകൾ തൈ ഒന്നിന് 110 രൂപ നിരക്കിൽ വില്പനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487–2370540, 2371340** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800–425–1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യസംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടാതെ വാട്ടുകപ്പ പോലെ പഴം

പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmanuuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

6. കാസർഗോഡ് ജില്ലാ ക്ഷീരകർഷക സംഗമത്തിന്റെ ഉദ്ഘാടനം കാലിക്കടവ് ശ്രീ കക്കെക്കാവ് ഭഗവതീക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ച് നാളെ (മാർച്ച് 24) രാവിലെ 10.30 മണിക്ക് തൃക്കരിപ്പൂർ എം.എൽ.എ എം. രാജഗോപാലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ക്ഷീര സംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ഡയറി എക്സിബിഷൻ, സെമിനാറുകൾ, ക്ഷീര കർഷകരെ ആദരിക്കൽ, പൊതുസമ്മേളനം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

7. കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി യുഎൽഎഫ് (ULF) ആന്റ് എഫ്ആർഡിഎസ് (FRDS) ന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം ദൈർഘ്യമുള്ള സ്റ്റൈപെന്റോടു കൂടിയ പരിശീലന പരിപാടിയായ ഫോഡർ ക്രോപ്പ് ഡെവലപ്പ്മെന്റ് ആർമിയിലേക്കുള്ള നേരിട്ടുള്ള അഭിമുഖം ഈ മാസം 25-ന് (മാർച്ച് 25) രാവിലെ 9 മണിക്ക് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0487-2370302** എന്ന നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (മാർച്ച് 24 ന്) രാവിലെ 11 മണിക്ക് **ലാഭം ചുരത്തും പ്രജനനം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനടീലിൽ പരിശീലനം നടത്തുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 28-നാണ് പരിശീലനം. റബ്ബർനടീൽ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവ ഉൾപെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന എ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. തിരുവനന്തപുരം പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (മാർച്ച് 24) രാവിലെ 10 മണിക്ക് പെറ്റ്ഷോപ്പ് ഉടമകൾക്കും ഡോഗ് ബ്രീഡേഴ്സിനുമായി **പെറ്റ് ഷോപ്പ് നിയമങ്ങളും നായ്ക്കളുടെ പ്രജനന നിയമങ്ങളും** എന്ന വിഷയത്തിൽ തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് ബോധവത്ക്കരണ പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446550144** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **24 ന് തീറ്റപ്പുൽക്കൃഷി** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

12. ചെടികളിൽ കാണുന്ന വെളുത്ത പഞ്ഞിപോലുള്ള **മീലിമൂട്ടയെയും** പരന്ന ആകൃതിയിലുള്ള **ശൽക്കകീടങ്ങളേയും** നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് ചൂടു വെള്ളത്തിൽ ലയിപ്പിച്ച് ചെടികളിൽ തളിച്ചു കൊടുത്തതിന് ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് **ലക്കാനിസീലിയം ലക്കാനി** എന്ന കുമിൾ പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. മീലിമൂട്ടയുടെ വംശവർദ്ധനവ് വളരെ കൂടുതലായതിനാൽ 2-3 ദിവസത്തിലൊരിക്കൽ തളിച്ചു കൊടുക്കണം. ഇതു വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. പപ്പായ മീലിമൂട്ടക്കെതിരെ **അസിരോഫാഗസ് പപ്പായ** എന്ന എതിർ പ്രാണികളെ ഉപയോഗിക്കുന്നത് ഫലപ്രദമാണ്. ഇവയെ ലഭിക്കുന്നതിന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ യൂണിറ്റുമായോ, മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായോ **0487 – 2438303, 0487 – 2370773** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം